## ഈദാശംസയും പെരുന്നാൾ സന്തോഷവും

**ഈദുൽ** ഫിത്വർ, ഈദുൽ അദ്ഹാ എന്നിവ ഇസ്‌ലാമിലെ രണ്ട് ആഘോഷങ്ങളുടെ ഇസ്‌ലാമികമായ പേരുകളാണ്. ഒരു ആഗോള സമൂഹമെന്ന നിലക്ക് മുസ്‌ലിംകൾക്ക് തങ്ങളുടെ സാംസ്കാരിക ചിഹ്നങ്ങളുടെ പേരുകളും സാങ്കേതിക പദങ്ങളും ഏതു പ്രദേശത്ത് ജീവിക്കുന്നവരായാലും ഏതു വംശീയ -ഭാഷാ വിഭാഗക്കാരായാലും പരസ്പരം മനസ്സിലാവേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഇസ്‌ലാമിലെ രണ്ട് ആഘോഷങ്ങളെയും ഔദ്യോഗികമായി കുറിക്കാൻ അറബിയിലെ അവയുടെ പേരുകൾ തന്നെ ഉപയോഗിക്കുകയാണുചിതം. ഇസ്‌ലാമിലെ സാങ്കോതിക പദങ്ങൾക്ക് കൃത്യമായ നിർവചനങ്ങൾ ഉണ്ടായിരിക്കെ, ഔദ്യോഗിക സാഹിത്യങ്ങളിലും മറ്റും അവ തന്നെയാണുപയോഗിക്കേണ്ടത്. പദങ്ങൾക്ക് പ്രാദേശിക ഭാഷകളിൽ കൊടുക്കുന്ന അർഥങ്ങൾ പലപ്പോഴും യഥാർഥ വിവക്ഷയുടെ സമഗ്രതയില്ലാത്തവ ആയിപ്പോവാറുണ്ട്. എന്നാൽ ദൈനംദിന ജീവിതത്തിൽ, പദങ്ങളുടെ ഉപയോഗത്തെക്കുറിച്ചുള്ള ഈ വാശി ഗുണകരമാവില്ല. സാധാരണക്കാരായ മലയാളികൾ ഈദിന് പെരുന്നാൾ എന്നാണുപയോഗിക്കാറ് എന്നിരിക്കെ, 'ഈദാശംസകൾ' എന്നെഴുതിയ ബോർഡുകൾ മലയാളിയുടെ മനസ്സുമായി സംവദിക്കുന്നില്ല. മാത്രമല്ല, മുസ്‌ലിംകളുടെ സാംസ്കാരിക ചിഹ്നങ്ങൾക്കും ആഘോഷങ്ങൾക്കും അവർ ജീവിക്കുന്ന മണ്ണുമായും ഭാഷയുമായും ഒരു ബന്ധവുമില്ല എന്ന് തോന്നിപ്പിക്കുന്ന രീതിയിൽ അപരിചിതത്വമുണ്ടാവാനും ഈ പ്രയോഗം വഴിവെച്ചേക്കും. എന്നാൽ 'എല്ലാവർക്കും എസ്.ഐ.ഒയുടെ പെരുന്നാൾ സന്തോഷങ്ങൾ' എന്ന ആശംസാ ബോർഡ്, വായിക്കുന്നവരിൽ സന്തോഷമുണ്ടാക്കുക തന്നെ ചെയ്യും.

**ഹനീഫ് വളാഞ്ചേരി**

## കത്തുകൾ




# ഭിന്നിപ്പിച്ചു മുതലെടുക്കുന്നവരെ കരുതിയിരിക്കുക

**മുസ്‌ലിംകളെ** തമ്മിലടിപ്പിച്ച് മുതലെടുപ്പ് നടത്താനുള്ള പത്രപ്രസിദ്ധീകരണങ്ങളുടെയും ദൃശ്യമാധ്യമങ്ങളുടെയും ബഹുമുഖ ശ്രമങ്ങളെ തിരിച്ചറിഞ്ഞ് പരാജയപ്പെടുത്താൻ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. പിന്നാക്ക സമുദായമായ മുസ്‌ലിംകളെ തീവ്രവാദികളായും മിതവാദികളായും മതമൗലികവാദികളായും മതേതരവാദികളായും ചിത്രീകരിച്ച് ചിലരെ പുകഴ്ത്തുകയും മറ്റു ചിലരെ ഇകഴ്ത്തുകയും ചെയ്യുന്ന പലവിധ ശൈലികൾക്ക് പിന്നിലുള്ളത് ഹീനതന്ത്രങ്ങളും കുത്തിത്തിരിപ്പുകളുമാണ്. ഇത്രയും ആമുഖമായി കുറിച്ചത് *പ്രബോധനം* വാരികയിൽ (ലക്കം 13) *അൽബലാഗ്* മാനേജിംഗ് എഡിറ്റർ പറഞ്ഞതായി *ഇന്ത്യാ ടുഡെ*യിൽ വന്ന മോശം പരാമർശത്തോട് പ്രതികരിച്ചതിനുള്ള നല്ല പ്രതികരണങ്ങൾ മനസ്സിലാക്കിയിട്ടാണ്. തബ്‌ലീഗ് ജമാഅത്തിന്റെ നിരവധി പ്രവർത്തകർ *പ്രബോധന*ത്തിലെ കുറിപ്പിലെ സ്പിരിറ്റിനെ മാനിക്കുകയും ശ്ലാഘിക്കുകയും ചെയ്തുവെന്നത് സന്തോഷകരമാണ്. നിരവധി തബ്‌ലീഗുകാർ നേരിൽ ബന്ധപ്പെട്ട് *പ്രബോധനം* കുറിപ്പിനോട് രചനാത്മകമായി പ്രതികരിച്ചു. ഈ വിഷയത്തിൽ *ഇന്ത്യാ ടുഡെ*ക്ക് കത്തയച്ചെങ്കിലും അവർ അത് പ്രസിദ്ധീകരിക്കുകയുണ്ടായില്ല. ഒക്ടോബർ ലക്കം *അൽബലാഗി*ന്റെ മുഖക്കുറിപ്പിൽ വന്ന പ്രസ്താവന വായനക്കാരുടെ അറിവിനായി ചേർക്കുകയാണ്: "... ഒരു മുസ്‌ലിം സംഘടനയെ സംബന്ധിച്ച് *ഇന്ത്യാ ടുഡെ*യിൽ *അൽബലാഗി*ന്റെ മാനേജിംഗ് എഡിറ്റർ പ്രസ്താവിച്ചതായി വന്ന വാർത്ത തികച്ചും വ്യാജമാണ്. അത്യാധുനിക പത്രപ്രവർത്തനത്തിന്റെ ചതിപ്രയോഗങ്ങളിൽ ഒന്നു മാത്രം. *അൽബലാഗി*ന്റെ മാനേജിംഗ് എഡിറ്ററുമായി ഒരു നിലയിലും ആ വാരികയുടെ റിപ്പോർട്ടർമാർ ബന്ധപ്പെട്ടിട്ടില്ല. ഒരു ഇസ്‌ലാമിക പ്രസ്ഥാനത്തെ സംബന്ധിച്ചും *അൽബലാഗ്* ദുർചിന്തയോടെ പെരുമാറിയിട്ടില്ല. കാലത്തിന്റെ ചുവരെഴുത്ത് മനസ്സിലാക്കി കാര്യബോധത്തോടെ നാം മുന്നോട്ട് നീങ്ങുക...."

*ഇന്ത്യാ ടുഡെ* പോലുള്ള പ്രസിദ്ധീകരണങ്ങളുടെ ദുഷ്ടലാക്ക് വായനക്കാർ തിരിച്ചറിയണം. മുസ്‌ലിം വിരുദ്ധ 'മസാല'കൾ ആധുനിക സെൻസേഷണൽ ജേർണലിസത്തിന്റെ 'അജിനമോട്ടോ'യും മറ്റിതര പദാർഥങ്ങളും ചേരുംപടി ചേർത്ത് രുചികരമായി പാകം ചെയ്ത് വിളമ്പിയാൽ നല്ല കമ്പോളം കിട്ടുമെന്ന മാർക്കറ്റിംഗ് തന്ത്രമാണ് പല പത്രങ്ങളും പ്രയോഗിക്കുന്നത്. ഇത്തരം പ്രസിദ്ധീകരണങ്ങൾ വിളമ്പുന്ന വിഷലിപ്ത വിഭവങ്ങൾ വാരിവിഴുങ്ങി ദഹനക്കേട് ബാധിച്ചവരാണ് സമൂഹത്തിൽ പലരും. ഈ വാറോല പ്രസിദ്ധീകരണങ്ങൾക്ക് നൽകുന്ന ഏതു പരിഗണനയും പിന്തുണയും കലാപങ്ങൾക്കും കാലുഷ്യത്തിനുമുള്ള പിന്തുണയാണ്.

"ജനങ്ങളിൽ ചിലരുണ്ട്, അവർ ഒരു ജ്ഞാനവുമില്ലാതെ ദൈവിക സരണിയിൽനിന്ന് ജനത്തെ വഴിതെറ്റിക്കുന്നതിനും ഈ മാർഗത്തിലേക്കുള്ള പ്രബോധനത്തെ പരിഹസിക്കുന്നതിനും വേണ്ടി വഞ്ചനാത്മകമായ വർത്തമാനങ്ങൾ വിലയ്ക്കു വാങ്ങുന്നു. ഇത്തരക്കാർക്ക് അവരെ അത്യധികം നിന്ദിതരാക്കുന്ന കൊടിയ ശിക്ഷയുണ്ട്" (ഖുർആൻ 31:6).

**എ.ആർ അഹ്മദ് ഹസൻ**
**പെരിങ്ങാടി**

## കഷ്ടംതന്നെ ഈ സംഘടനകളുടെ കാര്യം

**ഇന്ത്യയുടെ** വിവിധ ഭാഗങ്ങളിൽ നടന്ന സ്ഫോടനങ്ങളിൽ ഉദ്ദേശ്യപൂർവം തന്നെ മുസ്‌ലിംകൾ പ്രതികളാക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നത് വളരെ ഭീകരംതന്നെ. ഇസ്‌ലാമിൽ ഭീകരവാദവും തീവ്രവാദവും ഇല്ലെന്ന് ദിനംപ്രതി പ്രസ്താവനകൾ ഇറക്കേണ്ട ഗതികേടിലാണ് സമുദായം. മുസ്‌ലിംകൾ ഇന്ത്യയുടെ ശത്രുക്കളല്ല എന്ന് തെളിയിക്കാൻ ഇനിയും എന്തൊക്കെ ചെയ്യേണ്ടി വരും എന്ന് ഒരു നിശ്ചയവുമില്ല. ഇസ്‌ലാമിൽ തീവ്രവാദവും ഭീകരവാദവും ഇല്ല എന്ന് പറയുന്ന അതേ ശ്വാസത്തിൽതന്നെ, ഇസ്‌ലാമിൽ പിന്നെ എന്താണ് ഉള്ളത് എന്നുകൂടി ഉറക്കെ പറയേണ്ടതുണ്ട്. ഇസ്‌ലാമിനെ സമ്പൂർണ ജീവിതവ്യവസ്ഥയായി അംഗീകരിച്ചാൽ സകല പ്രശ്നങ്ങൾക്കും പരിഹാരമാവും എന്ന് തെളിവുസഹിതം ലോകത്തിനു മുന്നിൽ അവതരിപ്പിക്കാൻ കഴിയണം. പക്ഷേ, അത് എങ്ങനെ പ്രയോഗത്തിൽ വരുത്തും? ഇസ്‌ലാമിൽ രാഷ്ട്രീയം ഇല്ല എന്ന് ഗവേഷണം നടത്തി തെളിയിക്കാൻ പാടുപെടുകയാണ് ചില സംഘടനകൾ. ജിഹാദിന് പ്രവാചകനും ഖുർആനും പറഞ്ഞ നിർവചനങ്ങളെ അട്ടിമറിക്കുന്നു വേറൊരു കൂട്ടർ. മൺമറഞ്ഞ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും എങ്ങനെ ശക്തിയോടെ പുനരവതരിപ്പിക്കാം എന്ന് കൂലങ്കശമായി

ചിന്തിച്ചുകൊണ്ടിരിക്കുന്നു മറ്റൊരു വിഭാഗം. അഥവാ, ഒരു പഞ്ചായത്തിൽ പോലും ഐക്യപ്പെടാൻ സാധിക്കാത്ത ദയനീയ നിലയിലാണ് മുസ്‌ലിം സമുദായം. ഒരു മുസ്‌ലിം സംഘടനയിൽ പിളർപ്പോ ആഭ്യന്തര പ്രശ്നങ്ങളോ ഉണ്ടാകുമ്പോൾ മറ്റു സംഘടനകളുടെ പത്രങ്ങളും വാരികകളും അത് ആഘോഷിക്കുന്നു. "എനിക്ക് ശേഷം പരസ്പരം കഴുത്തറുക്കുന്നവരായി നിങ്ങൾ മാറരുത്" എന്ന പ്രവാചക വചനം ആരും ഗൗരവമായി എടുക്കുന്നില്ല.

ഇന്ന് ലോകം സാമ്രാജ്യത്വ ഭീകരതയാൽ ശ്വാസംമുട്ടുകയാണ്. നീതി എവിടെയും കിട്ടാനില്ല, ഒരിടത്തും മനുഷ്യർക്ക് സമാധാനമില്ല. ഇസ്‌ലാമിന്റെ പ്രസക്തി ബോധ്യപ്പെടുത്തി കൊടുക്കാനുള്ള ഒരു നിർണായക ചരിത്രഘട്ടമാണിത്. പരസ്പരം ചെളിവാരിയെറിയാതെ ഇനിയെങ്കിലും മുസ്‌ലിം സംഘടനകൾ ഒരുമിച്ചു നിന്ന് ഇസ്‌ലാമിനെ പൊതുജന മധ്യം സമർപ്പിച്ചില്ലെങ്കിൽ, 'നിങ്ങൾക്കു പകരം മറ്റൊരു സമുദായത്തെ ഈ ദൗത്യത്തിനു വേണ്ടി നാം കൊണ്ടുവരും' എന്ന ഖുർആന്റെ താക്കീത് പുലരാൻ അധികകാലം വേണ്ടിവരില്ല.

**ഇബ്നു ഹമാസ്**
**അബൂദബി**

## പൊങ്ങച്ചത്തിന്റെ കരാള നൃത്തം

**സ്വന്തം** ഫ്ളാറ്റ് മോടിപിടിപ്പിക്കാൻ ശബരീനാഥ് എന്ന ചെറുപ്പക്കാരൻ ഇടിച്ചു തള്ളിയത് മുപ്പത് ലക്ഷം! ടിയാന്റെ സുഖസുഷുപ്തി തേക്കിൽ തീർത്ത മൂന്ന് ലക്ഷത്തിന്റെ കട്ടിലിൽ! ഉപയോഗിക്കുന്ന ടി.വിയുടെ വില വെറും രണ്ടു ലക്ഷം മാത്രം!

മറ്റൊരു പൊങ്ങച്ചവീരൻ കാർ സ്വന്തമാക്കിയത് 50 ലക്ഷത്തിന്! ഈ ആഡംബര കാറിന് ഇഷ്ട നമ്പർ ലഭിക്കാൻ ചെലവിട്ടതോ 4.52 ലക്ഷവും!

ആഡംബര ജീവിതം ലക്ഷ്യമാവുമ്പോൾ തട്ടിപ്പും വെട്ടിപ്പും ഉൾപ്പെടെ ലക്ഷ്യസാധ്യത്തിനു ഏതു മാർഗവും സ്വീകാര്യം! നൂറു കണക്കിൽ മനുഷ്യരുടെ നിക്ഷേപം കൊണ്ട് അടിച്ചു പൊളിച്ചു ജീവിച്ച ശബരീനാഥ് ഈ സന്ദേശമാണ് നൽകുന്നത്. പണം അടിച്ചുമാറ്റി ജീവിതം പരമാനന്ദമാക്കുക. പൊങ്ങച്ചത്തിന്റെ കുതിരപ്പുറത്ത് കയറി, ധാരാളിത്തത്തിന്റെ പൈശാചിക നൃത്തമാടുക!

അന്തിയുറങ്ങാൻ ഒരു കൂര പോലുമില്ലാതെ, ഒരു സെന്റ് ഭൂമി പോലും സ്വന്തമായില്ലാതെ, നിത്യവൃത്തിക്ക് വഴി കാണാതെ വേദന തിന്ന് നാളുകൾ തള്ളി നീക്കുകയോ നിരാശരായി ജീവനൊടുക്കുകയോ ചെയ്യുന്ന ആയിരങ്ങളുടെ ദൈന്യതക്ക് നേരെ കൊഞ്ഞനം കുത്തിയാണ് പൊങ്ങച്ചത്തിന്റെ ക്രൂരമായ ഈ അഴിഞ്ഞാട്ടം.

**മധുരക്കുഴി**

## ഇനി അഭയം പ്രാർഥന!

**മാറ്റൊലി** (ലക്കം 14) വായിച്ചപ്പോൾ മനസ്സിൽ മാറ്റൊലിക്കൊണ്ട വാചകമാണ് ശീർഷകം. അതെ, ഒരു മതേതര രാജ്യത്തെ പ്രമുഖ മതന്യൂനപക്ഷത്തിന്റെ ഉൾവിളി!

നീതിപീഠങ്ങൾ പോലും ഭരണകൂട ഭീകരതക്കു വഴങ്ങുന്ന നാടായിക്കഴിഞ്ഞോ ആർഷഭാരതം! 'മാ നിഷാദ' പാടിയ മഹർഷി പാരമ്പര്യത്തെ ഫാഷിസം വിലയ്ക്കെടുത്തു കഴിഞ്ഞപ്പോഴും ഒന്നു ചാരി നിൽക്കാനെങ്കിലും നീതിയുടെ അത്താണിയുണ്ടെന്ന പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ, വർത്തമാനകാല നീതിന്യായ ദർബാറുകളിൽ ഇരകൾക്ക് നീതിയും രക്ഷയുമില്ല!

മുസ്‌ലിംകൾക്ക് ഭീകരപട്ടം ചാർത്താൻ വേണ്ടി നടത്തപ്പെടുന്ന സ്ഫോടന പരമ്പരകളിലെല്ലാം ഫാഷിസ്റ്റ്-സാമ്രാജ്യത്വ കൂട്ടുകെട്ട് വ്യക്തം! ഭരണവർഗ മെഷിനറി ഒറ്റക്കെട്ടായി മുസ്‌ലിം സമുദായത്തെ ഭീകരരാക്കി മാറ്റാനുള്ള നെറികെട്ട പ്രവർത്തനങ്ങളാണ് നടത്തുന്നത്!

**അലവി വീരമംഗലം**

## സംവാദത്തിൽ അസഹിഷ്ണുത കലരുന്നു

**'ജന്മം** നൽകിയ ഉമ്മമാരേക്കാൾ കേമന്മാരോ ആണുങ്ങൾ' എന്ന കത്ത് (ലക്കം 18) സംവാദ സദാചാരം പാലിക്കുന്നതായില്ല. ഓരോരുത്തർക്കും അവരവരുടെ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യത്തോട് ഇത്ര അസഹിഷ്ണുത കാണിക്കാൻ പാടില്ലായിരുന്നു.

'ഖുർആൻ ആണുങ്ങളുടെ കേമത്തം സ്ഥാപിക്കാൻ അവതരിച്ച ഗ്രന്ഥമല്ല' എന്നും 'ഖുർആനും നബിവചനങ്ങളും പഠിപ്പിക്കുന്നത് സ്ത്രീയുടെ ഔന്നത്യമാണ്' എന്നും എഴുതിയതിലൂടെ കുറിപ്പുകാരി ഉദ്ദേശിക്കുന്നത് എന്താണ്? 'അമ്മയായതുകൊണ്ട് സ്ത്രീക്കാണ് ഖുർആൻ പ്രഥമ സ്ഥാനം നൽകുന്നത്' എന്ന തത്ത്വവും ഖുർആനികമാണെന്ന് എന്റെ ചെറിയ വായനയിൽ ബോധ്യപ്പെട്ടിട്ടില്ല. ഖുർആനും പ്രവാചകനും സ്ത്രീയുടെ സ്ഥാനം ഉയർത്തി എന്ന് പറയുന്നത് ആപേക്ഷികമാണ്. ആ കാലഘട്ടത്തിൽ അവഗണിക്കപ്പെട്ട, അവമതിക്കപ്പെട്ട, കുഴിച്ചു മൂടപ്പെട്ട സ്ത്രീത്വത്തെ കണ്ടെടുത്ത് അതിന്റെ യഥാർഥ സ്ഥാനത്ത് പ്രതിഷ്ഠിക്കുക മാത്രമാണ് ഇസ്‌ലാം ചെയ്തത്. ആ കാലഘട്ടത്തിൽ (ഏതു കാലഘട്ടത്തിലും) സ്ത്രീയുടെ സ്ഥാനം അവരർഹിക്കുന്നതിന് മുകളിലായിരുന്നുവെങ്കിൽ അത് അൽപം താഴ്ത്തിയും ഇസ്‌ലാം യഥാസ്ഥാനത്ത് എത്തിക്കുമായിരുന്നു.

ആണും പെണ്ണും ചേരിതിരിഞ്ഞ് 'ഞങ്ങളാണുന്നതർ' എന്ന് വാദിക്കുന്നതിൽ അർഥമില്ല. ആണിനും പെണ്ണിനുമടക്കം പ്രപഞ്ചത്തിലെ എല്ലാ ഓരോ ഘടകങ്ങൾക്കും അവയുടെ പ്രകൃതിക്കും ശേഷിക്കും അനുസരിച്ച് ഓരോ ഉത്തരവാദിത്വവും ഇടവും നിശ്ചയിച്ചിട്ടുണ്ട് അല്ലാഹു. അവ തിരിച്ചറിഞ്ഞ് കൃത്യമായി നിർവഹിക്കുക എന്നതാണ് ആരോഗ്യകരമായ സാമൂഹിക ഘടനക്ക് ആവശ്യമായിട്ടുള്ളത്. അതിൽ ഔന്നത്യ പതിത്വങ്ങൾ ദർശിക്കുന്നതിന് ഇസ്‌ലാമിന്റെ പിൻബലമില്ല. അതാണ് ആമിനാ വദൂദിനും ഖദീജാ മുംതാസിനും സംഭവിച്ചിട്ടുള്ളത്. എന്നാൽ സഹീറാ തങ്ങളുടെ 'റാബിയ' ഉയർത്തുന്ന ചിന്തകൾ ഇസ്‌ലാമിക നേതൃത്വം ഉണർന്ന് പ്രവർത്തിച്ചാൽ പരിഹരിക്കാവുന്നത് മാത്രമാണ്.

**നാസർ കാരക്കാട്**

## തവ്വാബ്, ഈസാനബിയുടെ പുനരാഗമനം

**ടി. മുഹമ്മദിന്റെ** ലൈലത്തുൽ ഖദ്റിനെക്കുറിച്ച ലേഖനം (ലക്കം 17) ഒരു നല്ല വായനാനുഭവമായിരുന്നു. മുഖക്കുറിപ്പിൽ 'ഖുർആൻ പാപങ്ങളിൽ പശ്ചത്തപിക്കുന്ന വരെ *തവ്വാബ്* എന്ന് വിശേഷിപ്പിച്ചതു പോലെ പശ്ചാത്താപിച്ചവരെ കൈക്കൊള്ളുന്ന അല്ലാഹുവിനെയും *തവ്വാബ്* എന്ന് വിശേഷിപ്പിക്കുന്നു' എന്നു പറഞ്ഞതിൽ സൂക്ഷ്മാർഥത്തിൽ അപാകതയുണ്ട്. പശ്ചാത്തപിക്കുന്നവരെ *തവ്വാബൂൻ* എന്ന് ബഹുവചനത്തിലേ ഖുർആൻ പ്രയോഗിച്ചിട്ടുള്ളൂ. ഏകവചനത്തിൽ പ്രയോഗമില്ല. അല്ലാഹുവിനെ സംബന്ധിച്ചതാകട്ടെ, ഏകവചനത്തിലേ പ്രയോഗമുള്ളൂ. ഈ പ്രയോഗ വ്യത്യാസം ശ്രദ്ധേയവും ചിന്തനീയവുമാണ്.

*ഖുർആൻ ബോധന*ത്തിൽ ഈസാ(അ)യുടെ പുനരാഗമനത്തെക്കുറിച്ച് ഖുർആൻ ഒന്നും പറഞ്ഞിട്ടില്ല എന്ന പരാമർശവും സൂക്ഷ്മാർഥത്തിൽ തർക്കമറ്റതല്ല. 43:61ലെ *വഇന്നഹു ല ഇൽമുൻലിസ്സാഅത്തി* എന്ന സൂക്തഭാഗത്തെ ഈസാ(അ)ന്റെ പുനരാഗമനവുമായി ബന്ധപ്പെടുത്തി പൂർവികരിൽ പലരും വ്യാഖ്യാനിച്ചിട്ടുണ്ട്.

ഈസാ(അ)യുടെ പുനരാഗമനത്തെക്കുറിച്ച് 'ഖത്മുനുബുവ്വത്ത്' എന്ന മൗലാനാ മൗദൂദിയുടെ വിഖ്യാതമായ കൃതിയിൽ പറഞ്ഞ കാര്യങ്ങളും ഇത്തരുണത്തിൽ സ്മരണീയമാണ്. ഈസാ(അ)യുടെ പുനരാഗമനത്തെ മറയാക്കി വ്യാജന്മാർ ഇറങ്ങുന്നുണ്ട് എന്നതിനാലാണ് ചിലർ ഇതിനെ നിരാകരിക്കുന്നത്. വ്യാജ പ്രവാചകവാദികളെ എതിർത്തു തോൽപിക്കേണ്ടത് വളരെ അത്യാവശ്യം തന്നെ. എന്നുവെച്ച് പ്രബലമായ ഹദീസുകളെ തള്ളുന്നതെങ്ങനെ?

**എ. [illegible] പെരിങ്ങാടി**